# കടം എഴുതിതള്ളലും പ്രതിപക്ഷത്തിന്റെ കുപ്രചാരണവും

വി.എസ്. അച്യുതാനന്ദൻ

നേരിനൊപ്പം
11.09.2008

ഇത്തവണ ഓണം ആഘോഷിക്കുമ്പോൾ ഏറ്റവും ചാരിതാർത്ഥ്യം നൽകുന്ന കാര്യം കാർഷിക കടാശ്വാസ നടപടികൾ അതിന്റെ പൂർണ്ണതയിലെത്തിക്കാൻ കഴിഞ്ഞുവെന്ന താണ്. കടക്കെണിയിലകപ്പെട്ട് നീറുകയായിരുന്ന വയനാട് ജില്ലയിലെ ആയിരക്കണക്കിനു കൃഷിക്കാർക്ക്, അവർ ബാങ്കിൽ പണയം വെച്ചിരുന്ന ആധാരങ്ങൾ തിരിച്ചു നൽകുക യാണ് - കടങ്ങൾ എഴുതിതള്ളിക്കൊണ്ട്, ചൊവ്വാഴ്ച കല്പറ്റയിൽ ആയിരക്കണക്കിന് കൃഷിക്കാർ സോത്സാഹം അണിനിരന്ന ചടങ്ങിൽവെച്ച് ഞാൻ കൃഷിക്കാർക്ക് രേഖകൾ കൈമാറി.

രണ്ട് വർഷംമുമ്പ് ഞാൻ കല്പറ്റയിൽ ചെന്നപ്പോഴത്തെയും ഇപ്പോഴത്തെയും അനുഭവം തമ്മിൽ വലിയ അന്തരമുണ്ട്. കടക്കെണി കാരണം കർഷക ആത്മഹത്യ, കർഷക കുടും ബങ്ങളുടെ ആത്മഹത്യ തന്നെ നിത്യസംഭവമായ കാലമായിരുന്നു അത്. നാലംഗ കുടുംബം ആത്മഹത്യ ചെയ്ത വീട് സന്ദർശിച്ചുകൊണ്ടാണ് മുഖ്യമന്ത്രിയെന്ന നിലയിൽ വയനാട്ടിലെ എന്റെ പൊതുപരിപാടി തുടങ്ങിയത്. ആത്മഹത്യ ചെയ്ത കൃഷിക്കാരുടെ കുടുംബത്തിന് അരലക്ഷം രൂപ വീതം അന്നേ ദിവസം കൈമാറുകയും ചെയ്തു.

എന്നാൽ ഇത്തവണ വീണ്ടും വയനാട്ടിലെത്തിയപ്പോൾ തികച്ചും വ്യത്യസ്തമായ ഒരു ചിത്രമാണ് കണ്ടത്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ രണ്ടേകാൽ വർഷത്തെ ഭരണം ജനജീവിതത്തിൽ എന്തു മാറ്റം വരുത്തിയെന്നതിന്റെ ഒരുദാഹരണം മാത്രം.

എന്നാൽ സംസ്ഥാന ഗവൺമെന്റിന്റെ കാർഷിക കടാശ്വാസ നടപടികളെ കരിതേച്ചു കാട്ടാനും കുപ്രചാരണം നടത്താനുമാണ് യു.ഡി.എഫ്. ശ്രമിച്ചത്. കടങ്ങൾ എഴുതിതള്ളി യതിന്റെ രേഖകൾ കൃഷിക്കാർക്ക് കൈമാറുന്ന ചടങ്ങ് നടന്നുകൊണ്ടിരിക്കെ ഏതാനും കോൺഗ്രസ് നേതാക്കൾ വായ് മൂടിക്കെട്ടി വയനാട് കളക്ടറേറ്റ് പടിക്കൽ ധർണ നടത്തി യതായി അറിഞ്ഞു. കോൺഗ്രസ്സിന്റെ അണികൾ തന്നെ നേതൃത്വത്തിന്റെ അപഹാസ്യ

സമരത്തെ അവഗണിച്ചു. കേരളത്തിലെ കാർഷിക കടാശ്വാസ കമ്മീഷനെക്കുറിച്ചും സംസ്ഥാന സർക്കാർ സ്വീകരിക്കുന്ന കടാശ്വാസ നടപടികളെക്കുറിച്ചും യു.ഡി.എഫും. മറ്റു ചില നിക്ഷിപ്ത താല്പര്യക്കാരും നിരന്തരം കള്ളപ്രചാരണം നടത്തി വരികയാണ്. ഇതിന്റെ ഭാഗമായി അവർ പല തവണ ഹർത്താലും നടത്തി. അതുകൊണ്ടുതന്നെ കടക്കെ ണിയും കടാശ്വാസ നടപടികളുമായി ബന്ധപ്പെട്ട യഥാർത്ഥ വസ്തുതകൾ കടം എഴുതിത ള്ളൽ പ്രഖ്യാപന ചടങ്ങിൽ ഞാൻ വിശദീകരിക്കുകയുണ്ടായി. ഞാൻ ജനങ്ങളെ തെറ്റിദ്ധ രിപ്പിക്കുകയാണെന്ന്  കോൺഗ്രസ് നേതൃത്വം ആക്ഷേപിക്കുകയാണിപ്പോൾ. യഥാർത്ഥ ത്തിൽ എന്താണ് വസ്തുത?

വയനാട് ജില്ലയിലെ ഒരേക്കറിൽ താഴെ ഭൂമിയുള്ള കൃഷിക്കാരുടെ കാൽലക്ഷം രൂപ വരെ യുള്ള കടങ്ങൾ സംസ്ഥാന സർക്കാർ ഏറ്റെടുത്തുകൊണ്ട് പ്രഖ്യാപനം നടത്തിയിട്ട് ഏതാനും മാസങ്ങളായി. പക്ഷേ സാങ്കേതികമായി എഴുതിത്തള്ളുന്നതിന് അല്പം വൈകി. ഇപ്പോഴിതാ അതും നടന്നു. പതിനാല് കോടി പതിനൊന്നു ലക്ഷം രൂപ കൊടു ക്കുകയാണ്. ബാങ്കുകൾക്ക് തുക നൽകുകയാണ്.

വാസ്തവത്തിൽ ഇതുമാത്രമാണോ കടാശ്വാസം? വയനാട് ജില്ലയിലെ കൃഷിക്കാർക്ക് ലഭി ക്കുന്ന നേട്ടം ഇതുമാത്രമാണോ. കാർഷിക കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്തതുപ്ര കാരം വയനാട് ജില്ലയിൽ എഴുതിത്തള്ളേണ്ട കടം മുപ്പത്തൊമ്പതു കോടി അമ്പത്തൊ മ്പത് ലക്ഷം രൂപയാണ്. അത്രയും തുക എഴുതിതള്ളാൻ നടപടി തുടങ്ങിയപ്പോഴാണ് കാർഷിക കടങ്ങൾ എഴുതിത്തള്ളുമെന്ന കേന്ദ്രഗവൺമെന്റിന്റെ പ്രഖ്യാപനം വന്നത്. കേന്ദ്ര നിബന്ധനയനുസരിച്ച് എത്ര തുക കിട്ടുമെന്ന് വ്യക്തമായി അറിയാൻ വൈകി. ഒരേ കടം കേന്ദ്രവും സംസ്ഥാനവും എഴുതിത്തള്ളേണ്ടതില്ല. ഇപ്പോൾ കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ച കടാശ്വാസപ്രകാരം സംസ്ഥാന ഗവൺമെന്റ് ഏറ്റെടുത്ത മുപ്പത്തൊമ്പതര കോടി രൂപയുടെ കടത്തിൽ ഇരുപത്തഞ്ച് കോടി നാല്പത്തെട്ടു ലക്ഷം രൂപ കേന്ദ്ര പദ്ധതിയിൽപ്പെടും. ശേഷിച്ച പതിനാല് കോടി പതിനൊന്ന് ലക്ഷമാണ് സംസ്ഥാന സർക്കാർ എഴുതിത്തള്ളിയത്.

കടക്കെണിയിൽപ്പെട്ടവരെ രക്ഷിക്കുന്നതിന് രാജ്യത്താദ്യമായി ഒരു കടാശ്വാസ നിയമം കൊണ്ടു വന്നത് കേരളത്തിലാണ്. അതിന്റെ മാതൃകയിൽ ദേശീയ നിയമം കൊണ്ടുവരണ മെന്ന് നമ്മൾ പല തവണ ആവശ്യപ്പെട്ടു. ചെവിക്കൊണ്ടില്ല. യു.പി.എ. - ഇടത് ഏകോപന സമിതിയിൽ ഇടതുപക്ഷം അതിശക്തമായി ആവശ്യപ്പെട്ടു. അതിന്റെ ഫലമായാണ് കാർഷിക കടങ്ങൾ എഴുതിതള്ളുമെന്ന് പ്രഖ്യാപിക്കാൻ കേന്ദ്രസർക്കാർ നിർബന്ധിതരാ യത്. ഒരു കടാശ്വാസ നിയമം കൊണ്ടു വരുന്നതിനു പകരം ഒറ്റത്തവണ നടപടിമാത്രമാണ് കേന്ദ്രം സ്വീകരിച്ചത്.

വയനാട് ജില്ലയിലെ കാർഷിക കടങ്ങളുടെ പലിശ നേരത്തെതന്നെ എഴുതിത്തള്ളിയ താണ്. സംസ്ഥാന ഗവൺമെന്റിന്റെ ശക്തമായ സമ്മർദ്ദത്തെ തുടർന്നാണ് വിദർഭാ പാക്കേ ജിൽ വയനാട്, കാസർക്കോട്, പാലക്കാട് ജില്ലകളെ ഉൾപ്പെടുത്തിയത്. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വരുന്നതിനുമുമ്പുള്ള അഞ്ച് വർഷമാണ് വയനാട് ജില്ലയിൽ കടക്കെണി കാരണം നൂറുകണക്കിന് കൃഷിക്കാർ ആത്മഹത്യ ചെയ്തത്. പക്ഷേ അന്നത്തെ ഗവൺമെന്റ് അതംഗീകരിക്കാൻ തയ്യാറാവുകയോ സഹായധനം ലഭ്യ മാക്കുകയോ ചെയ്തില്ല. കേന്ദ്രസഹായം ആവശ്യപ്പെട്ടുമില്ല. എന്നാൽ ഇടതുപക്ഷ ജനാ ധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്ന ഉടനെ തന്നെ ആത്മഹത്യ ചെയ്ത കർഷകരുടെ കണക്കെടുത്തു. അവരുടെ കുടുംബങ്ങളെ രക്ഷിക്കാൻ അരലക്ഷം രൂപ വീതം നൽകി. അവരുടെ മുഴുവൻ കടങ്ങളും എഴുതിത്തള്ളി. മറ്റുള്ളവരുടെ കടങ്ങൾക്ക് മൊറട്ടോറിയം ഏർപ്പെടുത്തുകയും പാക്കേജിനായി സമ്മർദ്ദം ചെലുത്തുകയും വിദർഭാ പാക്കേജിൽ മൂന്നു ജില്ലകളെ ഉൾപ്പെടുത്തുകയും ചെയ്തു. മൂന്നു ജില്ലകൾക്കുമായി എഴു ന്നൂറ്റമ്പതോളം കോടിരൂപയുടെ പാക്കേജാണ് പ്രഖ്യാപിച്ചത്. കേന്ദ്രത്തിന്റെയും സംസ്ഥാ നത്തിന്റെയും വിഹിതം ചേർത്തതാണ് പാക്കേജ്. അതുപ്രകാരം വയനാട്, കാസർക്കോട്, പാലക്കാട് ജില്ലകളിലെ കാർഷിക കടങ്ങളുടെ പലിശ കഴിഞ്ഞ വർഷം തന്നെ എഴുതിത്ത ള്ളി. അതിൽ ഗണ്യമായ തുക ചെലവഴിച്ചത് സംസ്ഥാന ഗവൺമെന്റാണ്. തുക മുഴുവൻ ബാങ്കുകൾക്ക് നൽകുകയും ചെയ്തു. മൂന്നു ജില്ലക്കുമായി തൊണ്ണൂറ് കോടി രൂപ സംസ്ഥാന സർക്കാർ നൽകി.

കാർഷികമേഖലയിലെ ദുരിതം പരിഹരിക്കുന്നതിനുള്ള മറ്റൊരു പദ്ധതിയാണ് ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. യു.പി.എ. ഗവൺമെന്റിന് പിന്തുണ നൽകുമ്പോൾ ഇടതുപക്ഷം മുന്നോട്ടുവെച്ച പ്രധാന നിർദ്ദേശങ്ങളിലൊന്നാണാപദ്ധതി. ആ പദ്ധതിയിൽ വയനാട് ജില്ലയെ ആദ്യമേ തന്നെ ഉൾക്കൊള്ളിച്ചു. തൊഴിലുറപ്പ് പദ്ധതി വയനാട്ടിൽ മാതൃകാപര മായി നടപ്പാക്കിയെന്ന് ദേശീയതലത്തിൽത്തന്നെ അംഗീകരിക്കപ്പെട്ടു. കടക്കെണി ഇല്ലാ തായതിനൊപ്പം കാർഷികമേഖലയിൽ തൊഴിലവസരങ്ങൾ വർദ്ധിച്ചതും വയനാട്ടിൽ നിന്നും ദാരിദ്ര്യത്തെ അകറ്റി. അതിന്റെ ഉന്മേഷം എല്ലായിടത്തും പ്രകടമാണ്.

കടങ്ങൾ എഴുതിത്തള്ളുന്നതുമായി ബന്ധപ്പെട്ട് ഗുരുതരമായ ഒരു പ്രശ്നമുണ്ട്. കേന്ദ്ര സർക്കാർ എഴുതിത്തള്ളിയ കടത്തിന്റെ സംഖ്യ ബാങ്കുകൾക്ക് നൽകിയിട്ടില്ല. അതു കൊണ്ട് നമ്മുടെ സഹകരണമേഖല കടുത്ത പ്രതിസന്ധിയിലായിരിക്കുകയാണ്. സംസ്ഥാന സർക്കാർ തുക മുഴുവൻ ബാങ്കുകൾക്ക് നൽകിക്കഴിഞ്ഞു. കേന്ദ്രവും തുക അടിയന്തരമായി നൽകാൻ തയ്യാറാകണം.

കടം ഇനിയും എഴുതിതള്ളിക്കൊള്ളും, അതുകൊണ്ട് പണം അടക്കുന്നത് വൈകിക്കുകയെങ്കിലും ചെയ്യാം എന്ന് ആരെങ്കിലും കരുതുന്നുവെങ്കിൽ അത് കടുത്ത പിശകായിരിക്കും. കടം തീരേ കിട്ടാത്ത അവസ്ഥയിലേക്കും ബാങ്കിങ്ങ് മേഖലയുടെ തകർച്ചയിലേക്കും ബ്ലേഡുകാരുടെ കുരുക്കിൽ തലവെച്ചുകൊടുക്കുന്നതിലേക്കുമാണ് അത് നയിക്കുക. ഇപ്പോൾ സ്വീകരിച്ചിട്ടുള്ള കടാശ്വാസനടപടികൾ കടം കൃത്യമായി തിരിച്ചടക്കുന്നതിന് പ്രചോദനവും പ്രോത്സാഹനവുമാകും.

കടം കൃത്യമായി തിരിച്ചടക്കണമെന്ന് ഞാൻ പറഞ്ഞതിനെതിരെയും വയനാട്ടിൽ യു.ഡി.എഫുകാർ കുപ്രചരണം നടത്തുന്നതായറിഞ്ഞു. അതെല്ലാം ജനങ്ങൾ പുച്ഛിച്ചു തള്ളുക തന്നെ ചെയ്യും.

വയനാട്ടിൽ മാത്രമല്ല കേരളത്തിലാകെ ജനങ്ങൾക്ക് പരമാവധി ആശ്വാസം ലഭ്യമാക്കാൻ ഈ ഓണക്കാലത്ത് സാധ്യമായി എന്ന ചാരിതാർത്ഥ്യം ഗവൺമെന്റിനുണ്ട്.

തൊഴിൽ സ്തംഭനങ്ങൾ ഇല്ലെന്നതും ബോണസ് നേരത്തെ വിതരണം ചെയ്യാൻ കഴിഞ്ഞതും വിലക്കയറ്റം പിടിച്ചുനിർത്താൻ സംസ്ഥാന സർക്കാർ ശക്തമായ ഇടപെടൽ നടത്തിയതും കാരണം ആഹ്ലാദം നിറഞ്ഞ അന്തരീക്ഷമാണ് സംസ്ഥാനത്താകെ. എൺപതിനായിരം പട്ടികജാതി കുടുംബങ്ങൾക്ക് ഓണമുണ്ണാൻ പന്ത്രണ്ട് കിലോ അരി സൗജന്യമായി നൽകി. ഇരുപത് ലക്ഷം കുടുംബങ്ങൾക്ക് സൗജന്യമായി ഓണക്കിറ്റ്, കുറഞ്ഞ വിലയ്ക്ക് പച്ചക്കറി കിറ്റ്, സ്കൂൾ വിദ്യാർത്ഥികൾക്ക് അഞ്ച് കിലോ വീതം അരി എന്നിവയെല്ലാം നൽകാൻ കഴിഞ്ഞു. സപ്ലൈകോവിന്റെയും കൺസ്യൂമർഫെഡിന്റെയും സ്റ്റാളുകൾ വഴി അരിയും പലവ്യഞ്ജനങ്ങളുമെല്ലാം കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യുകയാണ്. സബ്സിഡി നൽകി പൊതുവിതരണം തികഞ്ഞ കാര്യക്ഷമതയോടെ നടപ്പാക്കാൻ കഴിഞ്ഞു. ബുധനാഴ്ചത്തെ ക്യാബിനറ്റ് യോഗം കൈക്കൊണ്ട തീരുമാനങ്ങളിലൊന്ന് ഓണത്തിന് സാധനങ്ങൾ വില കുറച്ച് നൽകുന്നതിന് കൺസ്യൂമർഫെഡിന് നാല് കോടി രൂപ നൽകാനുള്ളതാണ്. സപ്ലൈകോവിന് ഓണച്ചന്ത നടത്താൻ നേരത്തെ തന്നെ പണം അനുവദിച്ചു. കേന്ദ്രം റേഷനരി നിഷേധിച്ച് ജനങ്ങളെ കടുത്ത വിലക്കയറ്റത്തിലേക്ക് തള്ളിവിട്ടെങ്കിലും അതിശക്തവും മാതൃകാപരവുമായ മാർക്കറ്റ് ഇന്റർവെൻഷനിലൂടെ ജനങ്ങൾക്ക് ആശ്വാസമേകാൻ കഴിഞ്ഞു.